Editor **T.K. Ubaid** Executive Editor **P.A. Nazimudeen**
Sub Editor **Mehd Maqbool**
Layout & Graphics **Salim geeroad**
Technical Support **Fahis Ali** Cover **Shahad**
e-mail malarvadimag@gmail.com | **www.malarvadi.net**
Circulation 0495 2732555 Manager 0495 2730073
e-mail **managerprabodhanamclt@gmail.com**

# മലർവാടി
കുട്ടികളുടെ ദ്വൈവാരിക
2017 ഒക്ടോബർ 16, പുസ്തകം 37, ലക്കം 15



വാൾട്ട് വിറ്റ്മാൻ

## മലർമൊഴി

***കാലമാകുന്ന കടലിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള ദീപസ്തംഭങ്ങളാണ് പുസ്തകങ്ങൾ***

**– വാൾട്ട് വിറ്റ്മാൻ**



കൂട്ടുകാർ വാൾട്ട് വിറ്റ്മാൻ എന്ന കവിയെക്കുറിച്ചു കേട്ടിട്ടുണ്ടോ? പത്തൊമ്പതാം നൂറ്റാണ്ടിൽ അമേരിക്കയിൽ ജീവിച്ചിരുന്ന കവിയാണ് അദ്ദേഹം. അസാധാരണ പ്രതിഭകൊണ്ട് ചരിത്രത്തിൽ ലബ്ധപ്രതിഷ്ഠനാണ് വാൾട്ട് വിറ്റ്മാൻ. അദ്ദേഹത്തിന്റെ വചനങ്ങൾ ഇപ്പോഴും ലോകസാഹിത്യത്തിലെ മുത്തുകളാണ്. അവയിൽ പെട്ട ഒന്നാണ് മുകളിൽ കൊടുത്തിരിക്കുന്നത്.

ഒരു കവി സംസാരിക്കുമ്പോഴോ എഴുതുമ്പോഴോ അതിൽ ഉപമകളും ഉൽപ്രേക്ഷകളും കാണും. വിറ്റ്മാൻ ഈ വാക്യത്തിൽ പുസ്തകങ്ങളെ ഉപമിക്കുന്നത് കാലമാകുന്ന കടലിലെ ദീപസ്തംഭങ്ങളായാണ്.

# ലോകത്തിലെ ആദ്യത്തെ പുഷ്പം



**ലോകത്തിലെ** ആദ്യത്തെ പുഷ്പം എന്ന് കരുതപ്പെടുന്ന പൂവിന്റെ ഫോസിൽ സ്പെയിനിൽ നിന്നും ശാസ്ത്രലോകം കണ്ടെത്തി. 125 ദശലക്ഷം വർഷങ്ങൾക്കു മുമ്പ് ബ്രാങ്കിയോ സോറസ് ദിനോസറുകളുടെ കാലഘട്ടത്തിൽ ഭൂമിയിൽ വളർന്നിരുന്ന ഈ സസ്യത്തിനിട്ട പേര് മോണ്ട്സീഷ്യ വില്ലാഡി (Montsechia villadi) എന്നാണ്. ചൈനയിൽ കണ്ടെത്തിയ ആർക്കിയോ ഫ്രക്ടസ് എന്ന ജലസസ്യ പൂവിനെയാണ് ഏറ്റവും പഴക്കമുള്ള പൂവായി ഇതുവരെ കരുതിപ്പോന്നത്.



കാലം എന്ന പ്രതിഭാസം അനന്തമാണ് മനുഷ്യജീവിതമോ പരിമിതവും. പക്ഷേ മനീഷികൾ എഴുതുന്ന പുസ്തകങ്ങൾ അവരുടെ ജീവിതത്തിനു ശേഷവും പിൻതലമുറകൾക്ക് വെളിച്ചം കാണിക്കുന്നു.

എല്ലാ തലമുറകളും കടന്നുപോകുന്നത് അവർ സൃഷ്ടിച്ച കണ്ടുപിടിത്തങ്ങൾ, കലകൾ, സാഹിത്യങ്ങൾ സർവോപരി എല്ലാതരത്തിലുമുള്ള വിജ്ഞാനങ്ങൾ മറ്റുള്ളവർക്കായി അവശേഷിപ്പിച്ചു കൊണ്ടാണ്. അങ്ങനെ അവ മനുഷ്യരാശിയുടെ പൊതുസ്വത്തായി മാറുന്നു.

ജീവിതത്തെയും പ്രപഞ്ചത്തെയും പറ്റിയുള്ള വിജ്ഞാനത്തിന്റെ കലവറകളാണ് പുസ്തകങ്ങൾ. നമുക്ക് നമ്മുടെ ജീവിതം മാത്രമാണ് പൂർണ്ണാർത്ഥത്തിൽ അറിയാൻ കഴിയുന്നത്. പക്ഷേ നോവൽ, ചെറുകഥ, ആത്മകഥ എന്നിവയിലൂടെ മറ്റു ജീവിതങ്ങളിലേക്ക് കടന്നുചെല്ലാനും അങ്ങനെ നമ്മുടെ അറിവിന്റെ മണ്ഡലം വികസിപ്പിക്കാനും കഴിയുന്നു.

ചരിത്ര പുസ്തകങ്ങൾ വായിക്കുമ്പോൾ നമ്മുടെ രാജ്യത്തിന്റെ പഴയകാലങ്ങളെക്കുറിച്ചും കഴിഞ്ഞ രാജാക്കന്മാരെപ്പറ്റിയും അറിയാനാകുന്നു. അതുപോലെ മതഗ്രന്ഥങ്ങളും തത്വശാസ്ത്ര ഗ്രന്ഥങ്ങളും ഭൗതിക ശാസ്ത്ര ഗ്രന്ഥങ്ങളും മനുഷ്യരാശി ഇതുവരെ നേടിയെടുത്തിട്ടുള്ള അറിവിന്റെ മുത്തുകളാണ്.

ഇൻഫർമേഷൻ ടെക്നോളജിയുടെ ഈ കാലത്ത് പുസ്തകങ്ങൾ ഇ-പുസ്തകങ്ങളായും സൈബർ രൂപങ്ങളായും വിജ്ഞാനങ്ങൾ നമ്മിലെത്തുന്നു.

വായനയിലൂടെ മാത്രമേ നമുക്ക് നമ്മുടെ ജീവിതത്തെ മാനസികമായ ഉന്നതിയിലേക്കും പുരോഗതിയിലേക്കും എത്തിക്കാനാകൂ. അറിവ് ആഗ്രഹിക്കാത്ത മനുഷ്യർക്ക് പുരോഗതി കൈവരുന്നില്ല.

പുസ്തകങ്ങൾ ദൈവം നമുക്ക് നൽകിയ അനുഗ്രഹങ്ങളാണ്. അവ നമുക്ക് കാര്യങ്ങളെ കാണാനുള്ള പുതിയ കണ്ണുകൾ നൽകുന്നു. സഹജീവികളോട് മാനസികമായ താദാത്മ്യം ഉണ്ടാക്കുന്നു. അവ നമ്മെ ആഹ്ലാദിപ്പിക്കുകയും ചെയ്യുന്നു. കാലങ്ങളിലൂടെ അവ മനുഷ്യരാശിക്കു നൽകുന്ന ഈ അതുല്യസംഭാവനയെയാണ് മേൽ പറഞ്ഞ വാചകം ധ്വനിപ്പിക്കുന്നത്.

✦

**പി. എ. എൻ**



പ്രഥമ കേരള വിദ്യാഭ്യാസ മന്ത്രി- ജോസഫ് മുണ്ടശ്ശേരി